പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6730 01.11.2011- ലെ മറുപടി

ഇൻഫോപാർക്കിലേയ്ക്ക് യാത്രാസൗകര്യം

ചോദ്യം ഉത്തരം

ശ്രീ. എ. എം. ആരിഫ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | അരൂർ നിയോജകമണ്ഡലത്തിലെ വ്യവസായ വികസന കേന്ദ്രമായ പള്ളിപ്പുറത്ത് ഇൻഫോ പാർക്ക് അടക്കമുള്ള കേന്ദ്രത്തിലേയ്ക്കുള്ള യാത്രാ ബുദ്ധിമുട്ടുകൾ പരിഗണിച്ച് എറണാകുളത്തു നിന്ന് രാവിലെയും വൈകുന്നേരവും ബസ് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (എ) | ചേർത്തല ഡിപ്പോയിൽ നിന്നും 4 സർവ്വീസുകൾ പള്ളിപ്പുറത്തുള്ള ഇൻഫോപാർക്കിലേക്ക് ഇപ്പോൾ നടത്തി വരുന്നുണ്ട്. പുറമെ രാവിലെ 04.30 മുതൽ രാത്രി 10.00 മണിവരെ 30 ട്രിപ്പുകൾ ഇൻഫോപാർക്ക് വഴിയും നടത്തുന്നുണ്ട്. ഇക്കാരണത്താൽ പള്ളിപ്പുറം ഇൻഫോപാർക്ക് അടക്കമുള്ള കേന്ദ്രങ്ങളിലേക്ക് കാര്യമായ യാത്രാക്ലേശം ഇല്ലായെന്ന് കരുതുന്നു. |
| (ബി) | ചേർത്തല ഡിപ്പോയിൽ നിന്നും രാത്രി 8 മണിക്കുശേഷം രാത്രി 10 മണിവരെ അരൂക്കുറ്റിക്ക് ബസ് സർവ്വീസ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ചേർത്തല ഡിപ്പോയിൽ നിന്നും 3 സർവ്വീസുകൾ ചേർത്തല - അരൂക്കുറ്റി റൂട്ടിൽ രാത്രി 08.00 മണിക്കും 10.00 മണിക്കുമിടയ്ക്ക് കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടത്തിവരുന്നുണ്ട്. |
| (സി) | അരൂക്കുറ്റിക്ക് രാത്രി 8.30 നും 9.30 നും കാട്ടുപുറം പള്ളി വഴി ഓരോ ബസ് സർവ്വീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ അരൂക്കുറ്റിക്ക് രാത്രി 8.30-നും, 9.30-നും കാട്ടുപുറം പള്ളി വഴി ഓരോ ബസ്സ് സർവ്വീസ് അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ